(2) പങ്കജം എന്ന സ്ത്രീയുടെ കൊലപാതകം

ശ്രീ. വി.സി. കബീർ: സർ, പാലക്കാട് താലൂക്കിലെ വെണ്ണക്കര തോട്ടത്തിൽ വീട്ടിൽ സരോജിനിയുടെ മകൾ പങ്കജം 19 വയസ്സ്, പാലക്കാട് കൈക്കുത്തി പറമ്പിലെ ഭർത്താവിന്റെ വീട്ടിൽവച്ച് 6.6.1986 പട്ടാപകൽ കൊലചെയ്യപ്പെട്ടു. ആ മൃതശരീരം മണ്ണെണ്ണ ഒഴിച്ചു കത്തിച്ചു കളഞ്ഞു. പോലീസ് കേസ് എടുത്തിട്ടില്ല. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. അവിടെ സർവ്വകക്ഷി ആക്ഷൻ കൗൺസിൽ ഉണ്ടാക്കിയിരിക്കുകയാണ്. അടിയന്തിരമായി കുറ്റവാളികളെ അറസ്റ്റ് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ.കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പങ്കജത്തിന്റെ മരണം സ്ത്രീധനത്തിന്റെ പേരിലുണ്ടായ ഒരു അത്യാഹിതമാണ്. വിവാഹം കഴിഞ്ഞ് 3 മാസം ഗർഭിണിയായ പങ്കജം സ്ത്രീധനം കൊടുക്കാൻ സാധിക്കാതെ കുടുംബക്കാരുമായി വഴക്കിലായിരുന്നു എന്ന് സംശയിക്കുന്നു. മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യ ചെയ്തു എന്നാണ് ആദ്യം കരുതിയിരുന്നതെങ്കിലും പിന്നീട് സ്ത്രീധന സംബന്ധമായ കുടുംബത്തിന്റെ സമ്മർദ്ദം മൂലമാണ് ഇത് സംഭവിച്ചത് എന്ന് മനസ്സിലാക്കിയതിനെ തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ സഹദേവൻ, സ്റ്റീഫൻ പാറു, ശാന്ത എന്നീ നാലു പ്രതികളെ 12-6-1986-ന് അറസ്റ്റ് ചെയ്തു. ആവശ്യമായ കൂടുതൽ നടപടികളും സ്വീകരിക്കുന്നതാണ്.

(3) വൈക്കം ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എം.കെ. കേശവൻ: സർ, വൈക്കത്തെ 8 പഞ്ചായത്തുകളിലേക്കും ഒരു മുനിസിപ്പാലിറ്റിക്കും വേണ്ടി എൽ.ഐ.സി. യിൽനിന്നും 127 ലക്ഷം രൂപ കടം എടുത്തു തുടങ്ങിയതാണ് ഈ വാട്ടർ സപ്ലൈ സ്കീം. ഇത് തുടങ്ങിയിട്ട് 6 വർഷമായെങ്കിലും വൈക്കത്തെ ആളുകൾക്ക് കുടിക്കാൻ വെള്ളം കിട്ടുന്നില്ല. ഞാൻ ഈ കാര്യം പറയുമ്പോൾ വൈക്കം പരിപൂർണ്ണമായി വെള്ളത്തിനടിയിലാണ്. രാജ്യം മുഴുവൻ വെള്ളത്തിനടിയിലായാലും പൈപ്പിൽക്കൂടി ഒരു തുള്ളിവെള്ളം വരാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. കക്കാടിൽനിന്നും എടുക്കുന്ന വെള്ളം സോഴ്സ് കൗണ്ടാതെ മറ്റു പ്രദേശങ്ങളിലേക്ക് കൊടുക്കുന്നതുകൊണ്ടാണ് വൈക്കത്ത് വെള്ളം കിട്ടാതെ വരുന്നത്. അതുകൊണ്ട് അടിയന്തിരമായി വൈക്കത്തെ 8 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും വെള്ളം കിട്ടാനുള്ള നടപടി സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഒരു തുള്ളി വെള്ളത്തിനുവേണ്ടി ദാഹിക്കുന്ന വൈക്കത്ത് വെള്ളപ്പൊക്കമാണ്, വെള്ളത്തിനടിയിലാണ് എന്നൊക്കെ പറയുന്നത് വിരോധാഭാസമാണ്. അങ്ങനെയാണെങ്കിൽ അത് നിർഭാഗ്യം തന്നെ. 12 പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ് വൈക്കത്തെ പദ്ധതി. ഒറിജിനൽ സ്കീമിൽ ഉണ്ടായിരുന്ന 180 കിലോമീറ്റർ ദൂരത്തിലാണ് ആദ്യം പൈപ്പ് ഇടാൻ ഉദ്ദേശിച്ചിരുന്നത്. പക്ഷേ ആ സ്കീം വർദ്ധിച്ച് വർദ്ധിച്ച് ഇപ്പോൾ 400 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ഇടുന്ന ഒരു ബൃഹത്തായ സ്കീമാക്കി മാറ്റിയിരിക്കുകയാണ്. എന്നാൽ വർദ്ധിപ്പിച്ചതനുസരിച്ച് അതിന്റെ ഇൻടേക്ക് വർക്കോ ട്രാൻസ്മിഷൻ മെയിൻ വർക്കോ വിപുലീകരിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പണി ഇതുവരെ നടന്നിട്ടില്ല. പൈപ്പ് സിസ്റ്റം വർദ്ധിപ്പിച്ചുവെങ്കിലും ഇൻടേക്ക് വർക്കും ട്രാൻസ്മിഷൻ മെയിൻ വർക്കും പൂർത്തീകരിക്കാത്തതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ള പ്രയോജനം കിട്ടിയിട്ടില്ല. അതുകൊണ്ട് ആ വർക്കുകൂടി പൂർത്തിയാക്കി കഴിയുമ്പോൾ ഇന്നുള്ള കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. എത്രയും വേഗത്തിൽ അതിനുവേണ്ട നടപടികൂടി സ്വീകരിക്കുന്നതാണ്.

(4) പട്ടാമ്പി താലൂക്ക് രൂപീകരണം

ശ്രീ. കെ.ഇ. ഇസ്മയിൽ: സർ, പട്ടാമ്പി കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യത്തിന് വളരെയധികം കാലദൈർഘ്യമുണ്ട്. എന്റെ മുൻഗാമികളായ ശ്രീ. എം.പി. ഗംഗാധരനും സഖാവ് ഇ.പി. ഗോപാലനും ഈ ആവശ്യം തന്നെ പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണ്. പട്ടാമ്പി, തൃത്താല, ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം തുടങ്ങിയ നാലു മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ സംസ്ഥാനത്തിലെ തന്നെ ഒരു വലിയ താലൂക്കാണ് ഒറ്റപ്പാലം. ആ താലൂക്കിൽ നിന്നാണ് പട്ടാമ്പി താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യാപരമായും, ഭൂമിശാസ്ത്രപരമായും ഇത് വിഭജിക്കേണ്ടതാണെന്ന് നമ്മുടെ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി തന്നെ ഈ ഗവൺമെന്റിന് റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. സഖാവ് പി.എസ്. ശ്രീനിവാസൻ റവന്യൂ മന്ത്രിയായിരിക്കുമ്പോൾ ഇതിന് നടപടികൂടി ആരംഭിച്ചതാണ്. അപ്പോഴാണ് ആ നടപടികൂടി തുടർന്നു കൊണ്ട് പോകാൻ കഴിയാതെ വന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട പി.ജെ. ജോസഫിന്റെ നേതൃത്വത്തിലെങ്കിലും ഇതു നടത്തുമെന്ന് വിശ്വസിക്കുകയാണ്. അവിടെ താലൂക്ക് ഓഫീസ് ഒഴിച്ച് ഒരു താലൂക്കിനാവശ്യമുള്ള എല്ലാ ഓഫീസുകളും നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെ തന്നെ താലൂക്ക് പ്രക്രിയ പൂർത്തിയാക്കാൻ കഴിയും. അതുകൊണ്ട് സാമ്പത്തിക ബാദ്ധ്യത വരുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങൾ പൂവണിയാൻ തക്ക വിധത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെങ്കിലും താലൂക്ക് രൂപീകരണ പ്രഖ്യാപനം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഇത് നയപരമായ ഒരു കാര്യമാണ്. താലൂക്കുകൾ മൊത്തത്തിൽ പുനഃസംഘടിപ്പിക്കുന്ന ഘട്ടത്തിൽ പട്ടാമ്പി താലൂക്കിന്റെ കാര്യവും പരിഗണിക്കുന്നതാണ്.

(5) തലശ്ശേരി–കൂർഗ് റോഡിൽ ഓവർബ്രിഡ്ജ് പണിയാൻ നടപടി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരി–കൂർഗ് റോഡിൽ ഒന്നാം റെയിൽവേ ഗേറ്റിൽ ഓവർബ്രിഡ്ജ് ഇല്ലാത്തതുമൂലം വാഹന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വിവരണാതീതമാണ്. അതിന്റെ തൊട്ടപ്പുറത്തുള്ള ഓവർബ്രിഡ്ജാണെങ്കിൽ പൊളിയാറായ അവസ്ഥയിലാണ്. ഈ പരിതഃസ്ഥിതിയിൽ ഒന്നാം റെയിൽവേ ഗേറ്റിലെ ഓവർബ്രിഡ്ജ് നിർമ്മാണം അടിയന്തിരമായും പൂർത്തിയാക്കുന്നില്ലായെങ്കിൽ ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം വിഷമത്തിലാകും.

LIBRARY ARCHIVES Kerala Legislative Assembly